LIBRARY ARCHIVES Kerala Legislative Assembly

## കേരളത്തിലെ പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ

291 (293) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വനമേഖലയോടു ചേർന്നുകിടക്കുന്ന പരിസ്ഥിതി പ്രാധാന്യമേറിയ പ്രദേശങ്ങളുടെ വിസ്തൃതി കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പ്രദേശങ്ങളുടെ വിസ്തൃതി എത്ര ഏക്കർ ആണെന്ന് വ്യക്തമാക്കുമോ ;

(ബി) പരിസ്ഥിതി ദുർബല പ്രദേശമായി കണക്കാക്കിയ ഈ ഭൂമി ഏതെല്ലാം ജില്ലകളിലാണെന്നും എത്ര ഏക്കർ വീതമാണെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രദേശങ്ങൾ ഏതെല്ലാം വില്ലേജുകളിൽ ആണെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) കേരളത്തിൽ വനമേഖലയോടു ചേർന്ന് പരിസ്ഥിതി പ്രാധാന്യമുള്ള 14591 ഹെക്ടർ (36068 ഏക്കർ) ഭൂമി ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) പരിസ്ഥിതി ദുർബലപ്രദേശമായി വിജ്ഞാപനം ചെയ്ത ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരം (ഹെക്ടറിൽ) ചുവടെ ചേർക്കുന്നു:

| | |
|---|---|
| പാലക്കാട് | 5270.69 |
| വയനാട് | 3004.86 |
| കോഴിക്കോട് | 1544.99 |
| ഇടുക്കി | 1411.82 |
| മലപ്പുറം | 1285.09 |
| തിരുവനന്തപുരം | 885.26 |
| കാസർഗോഡ് | 662.90 |
| കണ്ണൂർ | 491.26 |
| കൊല്ലം | 273.72 |
| തൃശ്ശൂർ | 80.04 |
| ആകെ | 14910.63 |

ഇതിൽ 319 ഹെക്ടർ ഭൂമി ഇ.എഫ്.എൽ.-ൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പരിസ്ഥിതി ദുർബല പ്രദേശങ്ങൾ ഉൾപ്പെടുന്ന വില്ലേജുകളുടെ പേരുകൾ അനുബന്ധമായി ചേർക്കുന്നു.*

**വനം വകുപ്പ് പാട്ടത്തിന് നൽകിയ ഭൂമി**

292 (294) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ വിവിധ പദ്ധതികൾക്കായി വനംവകുപ്പ് പാട്ടത്തിന് നൽകിയ ഭൂമിയുടെ കൈമാറ്റവുമായി ബന്ധപ്പെട്ട് വനംവകുപ്പ് നിയമ ഉപദേശം തേടുകയുണ്ടായിട്ടുണ്ടോ ;

(ബി) ലഭിച്ച നിയമ ഉപദേശത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ബോർഡിന്റെ കൈവശമുണ്ടായിരുന്ന ഭൂമികളത്രയും ഇപ്പോൾ ബോർഡിന് പകരം രൂപീകരിക്കപ്പെട്ട കമ്പനിയ്ക്ക് കൈമാറ്റം നടത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഭൂമി, കമ്പനി തന്നെ തുടർന്നും ഉപയോഗിക്കുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ ;

(ഇ) പദ്ധതി പ്രദേശത്തിലെ ഭൂമി കമ്പനി തന്നെ കൈവശം വയ്ക്കുന്നതു മൂലം വനം വകുപ്പിന് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടോ ?

**ഉത്തരം**

(എ&ബി) ഈ വിഷയത്തിൽ നിയമ വകുപ്പിന്റെ ഉപദേശം തേടിയിട്ടുണ്ട്. ആയത് ഇതുവരെ ലഭിച്ചിട്ടില്ല.

(സി) വൈദ്യുതി ബോർഡിന്റെ കൈവശമുണ്ടായിരുന്ന എല്ലാ വസ്തു വകകളും 31-10-2013-ലെ ജി.ഒ.(പി)46/2013/ഊ.വ. പ്രകാരം പുറപ്പെടുവിച്ച "കേരള ഇലക്ട്രിസിറ്റി സെക്കന്റ് ട്രാൻസ്ഫർ സ്കീം (റീ വെസ്റ്റിംഗ്) 2013"ലൂടെ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്.

(ഡി & ഇ) ഇക്കാര്യത്തിലുള്ള നിയമോപദേശം ലഭിച്ചശേഷമേ തുടർ തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly